ഉറങ്ങിക്കിടന്ന പെൺകുട്ടികളെ പെട്രോളൊഴിച്ച് തീവച്ചു

ലക്നൗ: ഉറങ്ങിക്കിടക്കുകയായിരുന്ന രണ്ട് പെൺകുട്ടികളെ പെട്രോൾ ഒഴിച്ച് തീകൊളുത്തികൊല്ലാൻ ശ്രമം. ദിയോറാനിയയിലെ ജഹാംഗീർഗ്രാമത്തിലാണ് സംഭവം. 19ഉം 17 ഉം വയസുള്ള പെൺകുട്ടികളാണ് ആക്രമണത്തിനിരയായത്. വീടിന്റെ വരാന്തയിൽ ഉറങ്ങിക്കിടക്കുകയായിരുന്ന ഇവർ. പെൺകുട്ടികളുടെ നിലവിളി കേട്ടുണർന്ന വീട്ടുകാർ കുട്ടികളെ ഉടൻ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയായിരുന്നു. മുതിർന്ന പെൺകുട്ടിക്ക് ഗുരുതരമായി പൊള്ളലേറ്റിട്ടുണ്ട്.

www.keralakaumudi.com www.facebook.com/keralakaumudi

അമിത്ഷാ കർണാടകയിലെത്തി

ബംഗളൂരു: ദക്ഷിണേന്ത്യയിലും ബി. ജെ. പി സ്വാധീനം ഊട്ടിയുറപ്പിക്കുന്നതിന്റെ ഭാഗമായി ബി. ജെ. പി ദേശീയ അദ്ധ്യക്ഷൻ അമിത് ഷാ ഇന്നലെ കർണാടകയിലെത്തി. കർണാടക ബി. ജെ. പി അദ്ധ്യക്ഷൻ ബി. എസ് യെദ്യൂരപ്പയിലൂടെ അടുത്ത നിയമസഭാതിരഞ്ഞെടുപ്പിൽ ബി. ജെ. പി അധികാരത്തിലെത്തുമെന്നും അമിത്ഷാ പറഞ്ഞു. മൂന്ന ദിവസത്തെ സന്ദർശനത്തിനായി കർണാടകയിലെത്തിയതാണ് ഷാ.

അഴിമതിക്കാരായ കോൺഗ്രസിന്റെ ഭരണത്തെ ജനങ്ങൾ വെറുത്തു തുടങ്ങിയെന്നും ബി. ജെ. പിയെ വിജയിപ്പിക്കാൻ അവർ തയ്യാറായിക്കഴിഞ്ഞെന്നും അമിത് ഷാ പറഞ്ഞു.

വെടിനിറുത്തൽ കരാർ ലംഘനം; സൈനികന് വീരമൃത്യു

ശ്രീനഗർ: അതിർത്തിയിൽ ഇന്നലെ രണ്ടാം തവണയുണ്ടായ വെടിനിറുത്തൽ കരാർ ലംഘനത്തെ തുടർന്ന് ഒരു ഇന്ത്യൻ സൈനികൻ വീരമൃത്യുവരിച്ചു. മറ്റൊരു സൈനികന് ഗുരുതരമായി പരിക്കേറ്റു. ജമ്മു കാശ്മീരിലെ പൂഞ്ച് ജില്ലയിലുള്ള സൈനിക പോസ്റ്റുകൾക്കുനേരെയാണ് പാക് സൈനികർ വെടിവെപ്പും ഷെല്ലാക്രമണവും നടത്തിയത്. യാതൊരു പ്രകോപനവുംകൂടാതെ ആയിരുന്നു പാക് വെടിവയ്പ്. ജഗ്റാം സിംഗ് തോമർ (42) എന്ന സൈനികനാണ് വീരമൃത്യുവരിച്ചതെന്ന് എ. എൻ. ഐ റിപ്പോർട്ട് ചെയ്തു. മദ്ധ്യപ്രദേശ് സ്വദേശിയാണ് ഇദ്ദേഹം.

ശനിയാഴ്ച്ച ആദ്യമുണ്ടായ വെടിനിറുത്തൽ കരാർ ലംഘനത്തിൽ പാകിസ്ഥാന്റെ വെടിയേറ്റ് ഒരു സ്ത്രീ കൊല്ലപ്പെട്ടിരുന്നു. പാകിസ്ഥാൻ മെൻഡാറിൽ പ്രയോഗിച്ച മോർട്ടാർ ഷെൽ പൊട്ടിത്തെറിച്ചാണ് റാക്കിയ (45) എന്ന സ്ത്രീ കൊല്ലപ്പെട്ടത്. സംഭവത്തിൽ ഇന്ത്യൻ സേന ശക്തമായി തിരിച്ചടിച്ചു. അതിർത്തിയിൽ ഒന്നര മണിക്കൂറോളം നീണ്ടുനിന്ന ഏറ്റുമുട്ടലിനിടെ പാകിസ്ഥാൻ പ്രയോഗിച്ച മോർട്ടാൽ ഷെൽ പൊട്ടിത്തെറിച്ചാണ് റാക്കിയ കൊല്ലപ്പെട്ടത്.

ഇവർക്കും സ്വാതന്ത്ര്യദിനം ആഗസ്റ്റ് 15

ന്യൂഡൽഹി: ആഗസ്റ്റ് 15 ഇന്ത്യയ്ക്ക് മാത്രമല്ല സ്വാതന്ത്ര്യദിനം. ഇന്ത്യയെ പോലെ ആഗസ്റ്റ് 15ന് സ്വതന്ത്രരായ നാല് രാജ്യങ്ങളുണ്ട്. റിപ്പബ്ലിക് ഒഫ് കോംഗോ, കൊറിയ, ബഹറിൻ, ലിച്ടെൻസ്റ്റെയിൻ എന്നീ രാജ്യങ്ങളും ഇന്ത്യയ്ക്കൊപ്പം ആഗസ്റ്റ് 15 നാണ് സ്വാതന്ത്ര്യദിനം കൊണ്ടാടുന്നത്.

റിപ്പബ്ലിക് ഒഫ് കോംഗോ

- പിഗ്മികളായിരുന്ന കോംഗോയിലെ ആദിമ നിവാസികൾ
- പിന്നാലെ 'ബാണ്ടു' എന്ന ആദിവാസി വിഭാഗക്കാരും കോംഗോയിലെത്തി
- 15-ാം നൂറ്റാണ്ടിനുശേഷം യൂറോപ്യൻ രാജ്യങ്ങളുമായി ബന്ധപ്പെട്ടുതുടങ്ങി
- വ്യാവസായിക വിപ്ലവത്തെതുടർന്ന് വിദേശശക്തികൾ കോംഗോയിലെത്തി
- കോംഗോ പതിയെ ഫ്രാൻസിനു കീഴിലായി
- 1958 മുതൽ ആരംഭിച്ച സ്വാതന്ത്ര്യ സമരങ്ങൾ 1960ൽ ഫലം കണ്ടു
- 1960 ആഗസ്റ്റ് 15 ന് റിപ്പബ്ലിക് ഒഫ് കോംഗോയായി പ്രഖ്യാപിച്ചു

കൊറിയ

- രണ്ടാംലോകമഹായുദ്ധംവരെ ജപ്പാനു കീഴിൽ
- ജപ്പാനിൽ നിന്ന് മോചനം നേടിയ കൊറിയ, ഉത്തര കൊറിയയും ദക്ഷിണ കൊറിയയുമായി വിഭജിക്കപ്പെട്ടു
- ഉത്തരകൊറിയ സോവിയറ്റ് യൂണിയൻ ഭരണത്തിനു കീഴിൽ
- സോവിയറ്റ്ഭരണത്തെ 1948 ആഗസ്റ്റ് 15 ന് ചെറുത്തു തോൽപ്പിച്ചു.
- രാജ്യം ഡെമോക്രാറ്റിക് പീപ്പിൾസ് റിപ്പബ്ലിക് ഒഫ് കൊറിയയായി പ്രഖ്യാപിച്ചു
- പിന്നീട് റിപ്പബ്ലിക് ഒഫ് കൊറിയയായി

ബഹറിൻ

- ബ്രിട്ടീഷ് ഭരണത്തിനു കീഴിൽ
- 1971 ആഗസ്റ്റ് 15 ന് സ്വതന്ത്രമായി

ലിച്ടെൻസ്റ്റെയിൻ

- മദ്ധ്യയൂറോപ്പിലെ കുഞ്ഞൻരാജ്യം
- 1719 വരെ റോമൻ സാമ്രാജ്യത്തിനു കീഴിൽ
- 1815ൽ ജർമ്മൻ കോൺഫെഡറേഷന്റെ കീഴിൽ
- 1866 ൽ സ്വതന്ത്രമായി
- ഫ്രാൻസ് ജോസെഫ് II രാജകുമാരന്റെ പിറന്നാളായ ആഗസ്റ്റ് 15 നാണ് ലിച്ടെൻസ്റ്റെയിൻ ദേശീയ ദിനമായി ആഘോഷിക്കുന്നത്.

തിരഞ്ഞെടുപ്പിൽ അട്ടിമറി നടന്നെന്നാരോപിച്ച് പ്രതിപക്ഷം നഗരത്തിൽ അക്രമം അഴിച്ചുവിട്ടപ്പോൾ

ഉഹുറു കെനിയാറ്റ വീണ്ടും കെനിയൻ പ്രസിഡന്റ്

നയ്റോബി: ഉഹുറു കെനിയാറ്റ വീണ്ടും കെനിയൻ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടു. 2013 മുതൽ കെനിയയുടെ പ്രസിഡന്റായി തുടരുന്ന കെനിയാറ്റ 54.3 ശതമാനം വോട്ടുകൾ നേടിയാണ് വീണ്ടും വിജയിച്ചത്. ഉഹുറുവിനെതിരെ മത്സരിച്ച റൈലെ ഒഡിങ്ക 44.7 ശതമാനം വോട്ടുകൾ മാത്രമാണ് നേടിയത്.

തിരഞ്ഞെടുപ്പിൽ അട്ടിമറി നടന്നെന്നാരോപിച്ചുള്ള പ്രതിപക്ഷ പ്രതിഷേധത്തിൽ പലയിടത്തും സംഘർഷം ഉണ്ടായി. സംഘർഷത്തിൽ 11 പേർ കെനിയൻ പൊലീസിന്റെ വെടിയേറ്റ് മരിച്ചു. കെനിയയുടെ ചരിത്രത്തിൽ തിരഞ്ഞെടുപ്പിനു ശേഷമുള്ള സംഘർഷം പതിവാണ്.

ഗോരഖ്പൂർ ദുരന്തം; മരണം 60

കൈകഴുകാൻ സർക്കാർ ശ്രമം

◗ സ്വന്തം ലേഖകൻ

ന്യൂഡൽഹി/ലക്നൗ: ഉത്തർപ്രദേശിലെ ഗോരഖ്പൂർ ബാബാ രാഘവ് ദാസ് മെഡിക്കൽ കോളേജിൽ ഓക്സിജൻ കുറവ് മൂലം ആഗസ്റ്റ് എഴുമുതൽ മരിച്ചകുട്ടികളുടെ എണ്ണം 60 കവിഞ്ഞതായി അനൗദ്യോഗികറിപ്പോർട്ട്. ഇന്നലെ വീണ്ടും മൂന്നുകുട്ടികൾ കൂടി മരിച്ചു. സംഭവത്തിൽ യു. പി സർക്കാർ ജുഡീഷ്യൽ അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ട്. മെഡിക്കൽ കോളേജ് പ്രിൻസിപ്പലിനെ സസ്പെൻഡുചെയ്തു. സംഭവത്തിന്റെ ഉത്തരവാദിത്വം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചാരിരക്ഷപ്പെടാനുള്ള ശ്രമത്തിലാണ് യോഗി ആദിത്യനാഥിന്റെ നേതൃത്വത്തിലുള്ള ബി. ജെ. പി സർക്കാർ.

ശ്രദ്ധക്കുറവ് ആരോപിച്ചാണ് മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. രാജീവ് മിശ്രയെ സസ്പെൻഡ് ചെയ്തതെന്ന് യു. പി മെഡിക്കൽ വിദ്യാഭ്യാസമന്ത്രി അശുതോഷ് ടാണ്ടൻ പറഞ്ഞു. സർക്കാർ തീരുമാനം വരും മുൻപേ പ്രിൻസിപ്പൽ രാജിവച്ചിരുന്നു. കുടിശിക വരുത്തിയതിനാൽ ഓക്സിജൻ സിലിണ്ടർ വിതരണം ചെയ്യുന്ന കമ്പനി ഓക്സിജൻ വിതരണം നിറുത്തലാക്കിയിരുന്നു. ഇതാണ് ദുരന്തത്തിന് കാരണമായത്. കുടിശികയുടെ കാര്യം കമ്പനി ആരോഗ്യ മന്ത്രാലയത്തെ അറിയിച്ചതിനെ തുടർന്ന് ആഗസ്റ്റ് അഞ്ചിന് പണം നൽകാൻ ഉത്തരവായിരുന്നു. എന്നാൽ തുക കമ്പനിക്ക് ലഭിച്ചത് ദുരന്തം നടന്ന ദിവസമാണ്. കുട്ടികൾ മരിച്ചത് ഓക്സിജൻ കുറവു കൊണ്ടല്ലെന്ന നിലപാടിലാണ് ആശുപത്രി അധികൃതർ. ആഗസ്റ്റ് ഏഴുമുതൽ പ്രത്യേക പരിചരണ വിഭാഗത്തിൽ പ്രവേശിപ്പിച്ചിരുന്ന കുട്ടികൾ മരിച്ചിട്ടുണ്ടെന്ന് ആശുപത്രി അധികൃതർ പറഞ്ഞു.

മരണ സംഖ്യ 60 കവിഞ്ഞതായി അനൗദ്യോഗികറിപ്പോർട്ടുകളുണ്ടെങ്കിലും സർക്കാർ സ്ഥിരീകരിച്ചിട്ടില്ല. സംഭവങ്ങൾ നിരീക്ഷിച്ചുവരികയാണെന്ന് പ്രധാനമന്ത്രിയുടെ ഓഫീസ് അറിയിച്ചു. കേന്ദ്ര ആരോഗ്യ സഹമന്ത്രിയും യു. പി എം. പിയുമായ അനുപ്രിയ പട്ടേൽ ഗോരഖ്പൂരിൽ എത്തിയിട്ടുണ്ട്.

അതേസമയം താൻ അടുത്ത കാലത്ത് രണ്ടു തവണ ആശുപത്രി സന്ദർശിച്ചപ്പോൾ ഓക്സിജൻ സിലിണ്ടറിന്റെ കുറവ് അറിയിച്ചിരുന്നില്ലെന്ന് മുഖ്യമന്ത്രിയോഗി ആദിത്യനാഥ് പറഞ്ഞു. സംഭവം അന്വേഷിക്കാൻ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ സമിതിക്ക് രൂപം നൽകിയിട്ടുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു. ആശുപത്രിയിൽ ഓക്സിജൻ വിതരണം ചെയ്യാൻ നിയോഗിക്കപ്പെട്ട കമ്പനിക്കെതിരെ അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ട്. കമ്പനിക്ക് കരാർ നൽകിയ മുൻ സർക്കാരിന്റെ ഇടപെടലുകളും അന്വേഷിക്കും. 1978 മുതൽ യു. പിയിൽ കുട്ടികൾ കിടയിൽ മസ്തിഷ്ക ജ്വരം വ്യാപകമാണ്. വെളിയിട വിസർജ്ജനവും വൃത്തിയില്ലായ്മയുമാണ് കാരണമെന്നും മുൻ സർക്കാരുകൾക്ക് ഉത്തരവാദിത്വമുണ്ടെന്ന് സൂചിപ്പിക്കാൻ അദ്ദേഹം ചൂണ്ടിക്കാട്ടി.

മസ്തിഷ്ക മരണ ചികിത്സയ്ക്ക് പേരുകേട്ട ബി. ആർ. ഡി മെഡിക്കൽ കോളേജിൽ യു. പിക്കും ബീഹാറിനും പുറമെ നേപ്പാളിൽ നിന്നും കുട്ടികൾ ചികിത്സയ്ക്ക എത്തുന്നുണ്ട്.

രാംദേവിന്റെ പുസ്തകത്തിന് കോടതിവിലക്ക്



ന്യൂഡൽഹി: യോഗ ഗുരു ബാബാ രാംദേവിന്റെ ജീവിതം പറയുന്ന പുസ്തകത്തിന് ഡൽഹി കോടതി വിലക്കേർപ്പെടുത്തി. 'ഗോഡ്മാൻ ടു ടൈക്കൂൺ: ദി അൺടോൾഡ് സ്റ്റോറി ഒഫ് ബാബാ രാംദേവ്' എന്ന പുസ്തകം പ്രസിദ്ധീകരിക്കുന്നതിനും വിൽക്കുന്നതിനുമാണ് കോടതി നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുന്നത്. പുസ്തകത്തിന്റെ ഓൺലൈൻ വില്പനയ്ക്കും കോടതി വിലക്കിയിട്ടുണ്ട്.

പ്രിയങ്ക പതക് നരേൻ എഴുതിയ പുസ്തകത്തിൽ രാംദേവിന്റെ മുൻകാല ജീവിതം അന്വേഷണാത്മകമായി അവതരിപ്പിക്കുന്നു. എന്നാൽ എഴുത്തുകാരിയുടെയോ പ്രസാധകരുടെയോ ഭാഗം കേൾക്കാതെയാണ് കോടതി പുസ്തകത്തിന്നിയന്ത്രണം ഏർപ്പെടുത്തിയതെന്ന് പ്രസാധകർ അറിയിച്ചു.

അഭിമുഖങ്ങൾ, ലേഖനങ്ങൾ, പൊലീസ് റിപ്പോർട്ടുകൾ, വിവരാവകാശ നിയമപ്രകാരം ലഭിച്ച വിവരങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലാണ് പുസ്തകം തയ്യാറാക്കിയിരിക്കുന്നത്.

ഡോംഗ്ലോംഗ്; ചൈനയ്ക്ക് ദുഃശാഠ്യമെന്ന് യു.എസ്

വാഷിംഗ്ടൺ: അതിർത്തിയിൽ ഇന്ത്യയും ചൈനയും തമ്മിൽ നിലനിൽക്കുന്ന പ്രതിസന്ധിയിൽ ഇന്ത്യയുടെ പെരുമാറ്റം പക്വതയോടെ ആണെന്നും എന്നാൽ ചൈന ദുശ്ശാഠ്യത്തോടെ പെരുമാറുകയാണെന്നും യു. എസ് പ്രതിരോധ വിദഗ്ദ്ധൻ അഭിപ്രായപ്പെട്ടു. ഡോംഗ്ലോംഗ് വിഷയത്തിൽ യു. എസ് പ്രതിരോധ വിദഗ്ദ്ധൻ ജയിംസ്. ആർ. ഹോംസിന്റെതാണ് നിരീക്ഷണം. വിഷയത്തിൽ ഇന്ത്യ ഇതുവരെ എടുത്ത നിലപാടുകൾ ശരിയാണ്. ചൈനയുടെ അതേ സ്വരത്തിൽ മറുപടി നൽകി ഇന്ത്യ പ്രശ്നങ്ങൾ വഷളാക്കിയില്ലെന്ന് അദ്ദേഹം പറഞ്ഞു.

സ്ഥാനം രാജിവച്ചു

ന്യൂഡൽഹി: ഗുർദീപ് സിംഗ് സാപ്പൽ രാജ്യസഭാ ടെലിവിഷൻ സി. ഇ. ഒ സ്ഥാനം രാജിവച്ചു. പ്രസാർ ഭാരതി സി. ഇ. ഒയ്ക്കാണ് അധികചുമതല നൽകിയിരിക്കുന്നത്.

രാജ്യസഭാ ടെലിവിഷന്റെ സി. ഇ. ഒ സ്ഥാനത്തു നിന്നും ചീഫ് എഡിറ്റർ സ്ഥാനത്തു നിന്നും രാജിവയ്ക്കുന്നതായും രാജിസ്വീകരിച്ച ഉപരാഷ്ട്രപതി വെങ്കയ്യ നായിഡുവിന് നന്ദി പറയുന്നതായും സാപ്പൽ ഫേസ് ബുക്കിൽ കുറിച്ചു.

ജനപിന്തുണ തേടി ശരദ് യാദവ്

ന്യൂഡൽഹി: ബീഹാറിൽ ബി. ജെ. പിയോട് കൂട്ടുകൂടാനുള്ള നിതീഷ് കുമാറിന്റെ തീരുമാനത്തെ എതിർത്ത ശരദ് യാദവ് ജെ. ഡി. യുവിൽ ഒറ്റപ്പെട്ടെങ്കിലും ജനപിന്തുണ തേടാനുള്ള ശ്രമത്തിലാണ്.

നിതീഷ് കുമാറിന്റെ തീരുമാനത്തെ ചോദ്യം ചെയ്ത് ബീഹാറിൽ അദ്ദേഹം നടത്തുന്ന മൂന്നു ദിവസത്തെ സംവാദ് യാത്രയ്ക്കിടെയാണ് രാജ്യസഭയിലെ നേതൃസ്ഥാനം പാർട്ടി എടുത്തുകളഞ്ഞത്. കോൺഗ്രസ് നേതൃത്വം നൽകുന്ന പ്രതിപക്ഷവുമായി സഹകരിക്കുന്ന യാദവിനെതിരെയുള്ള നടപടി പ്രതീക്ഷിച്ചതാണ്. മദ്ധ്യപ്രദേശിൽ നിന്നുള്ള ശരത് യാദവിന് ബീഹാറിൽ നിതീഷ്കുമാറിനുള്ള ജനപിന്തുണ വൻ വെല്ലുവിളിയാണ്. ഇതു മുന്നിൽ കണ്ടാണ് അദ്ദേഹം സംവാദ് യാത്ര തുടങ്ങിയത്. വെള്ളിയാഴ്ച തുടങ്ങിയ യാത്രയിൽ പങ്കെടുക്കുന്നവരിൽ കൂടുതലും ആർ. ജെ. ഡി പ്രവർത്തകരുമാണ്.

തന്നെ രാജ്യസഭാ നേതൃസ്ഥാനത്തു നിന്ന് മാറ്റിയ നിതീഷ് കുമാറിന്റെ നടപടിയെ ചോദ്യം ചെയ്ത ശരത് യാദവ് അടിയന്തരാവസ്ഥ കാലത്ത് ഇന്ദിരാഗാന്ധിയെ ചോദ്യം ചെയ്തിട്ടുള്ള തനിക്ക് ആരെയും പേടിയില്ലെന്ന് വ്യക്തമാക്കി.

അമേരിക്കയിൽ ഗവർണർ സ്ഥാനത്തേക്ക് മത്സരിക്കാൻ പതിനാറുകാരനും

ഷിക്കാഗോ: അമേരിക്കയിലെ കൻസാസിൽ ഗവർണർ സ്ഥാനത്തേക്ക് മത്സരിക്കാൻ ഈ വർഷം ഒരു പതിനാറുകാരനുമുണ്ട്. ഹൈസ്കൂൾ വിദ്യാർത്ഥിയായ ജാക്ക് ബർഗിൻസാണ് ഗവർണർ സ്ഥാനത്തേക്ക് മത്സരിക്കുന്നയാൾ.

തത്സ്ഥാനത്തേക്ക് മത്സരിക്കാൻ കൻസാസിൽ പ്രായപരിധി ഏർപ്പെടുത്തിയിട്ടില്ല. അമേരിക്കയിലെ മറ്റ് സംസ്ഥാനങ്ങളിൽ ഗവർണർ സ്ഥാനത്തേക്ക് മത്സരിക്കാൻ പ്രായപരിധിയുണ്ട്.

കുട്ടികൾക്ക് രാഷ്ട്രീയത്തിൽ ഒരുകൈ നോക്കാൻ അവസരം ലഭിക്കണമെന്നാണ് താൻ ആവശ്യപ്പെടുന്നതെന്ന് എ. ബി. സി ന്യൂസ് വർക്കിലെ ഹാസ്യപരിപാടിയായ ജിമ്മി കിമ്മെൽ ലൈവിൽ ജാക്ക് പറഞ്ഞു. എന്നാൽ തിരഞ്ഞെടുപ്പിൽ വോട്ട രേഖപ്പെടുത്താനുള്ള പ്രായംപോലും ജാക്കിനില്ലെന്നത് മറ്റൊരു വസ്തുത.

ജാക്കിന്റെ സഹപാഠിയായ അലക്സാണ്ടർ ക്ലിനെയും ലെഫ്റ്റനന്റ് ഗവർണർ സ്ഥാനത്തേക്ക് മത്സരിക്കാനുണ്ട്. ഡെമോക്രാറ്റിക് സ്ഥാനാർത്ഥിയായാണ് ജാക്കിന്റെ മത്സരം. അദ്ധ്യാപകർക്ക് ശമ്പളവർദ്ധനയും കൻസാസിന്റെ ആരോഗ്യസംരക്ഷണവുമാണ് ജാക്കിന്റെ വാഗ്ദാനങ്ങൾ.

ഹാദിയ കേസ്: ഒറ്റപ്പെട്ട സംഭവമല്ലെന്ന് യുവതിയുടെ പിതാവ്

ന്യൂഡൽഹി: വിവാദ ഹാദിയ കേസിൽ ഭീകരസംഘടനകളുടെ ഇടപെടലുണ്ടോയെന്ന് വിശദമായ അന്വേഷണം വേണമെന്ന ഹാദിയയെന്ന അഖിലയുടെ പിതാവ് അശോകൻ സുപ്രീംകോടതിയിൽ സമർപ്പിച്ച സത്യവാങ്മൂലത്തിൽ പറയുന്നു. ഹാദിയയുടെ മതം മാറ്റം ഒറ്റപ്പെട്ട സംഭവം അല്ല. ഹാദിയയെ പോലെ നിരവധി പേരെ സത്യസരണി എന്ന സ്ഥാപനത്തിൽ മതം മാറ്റിയിട്ടുണ്ട്. ഉയർന്ന സാക്ഷരതയുള്ള കേരളത്തിൽ മതതീവ്രത വർദ്ധിക്കുന്നത് എന്തുകൊണ്ടാണെന്ന് അന്വേഷിക്കണമെന്നും സത്യവാങ്മൂലത്തിൽ ആവശ്യപ്പെടുന്നു.

ഹാദിയ കേസിലെ അന്വേഷണ വിവരങ്ങൾ ദേശീയ അന്വേഷണ ഏജൻസിക്ക് (എൻ. ഐ. എ) പങ്കുവയ്ക്കണമെന്ന് ചീഫ് ജസ്റ്റിസ് ജെ. എസ്. ഖേഹാർ അദ്ധ്യക്ഷനായ ബെഞ്ച് കഴിഞ്ഞദിവസം ഉത്തരവിട്ടിരുന്നു. കേസ് 16ന് വീണ്ടും പരിഗണിക്കാനിരിക്കെയാണ് അശോകൻ മറുപടി സത്യവാങ്മൂലം നൽകിയത്.

ഹാദിയയെ മതം മാറ്റിയ സത്യസരണിയിൽ സമാനമായ രീതിയിൽ പലരെയും മതം മാറ്റിയിട്ടുണ്ട്. ഇത്തരം മതംമാറ്റലുമായി ബന്ധപ്പെട്ട് ഉണ്ടായ കേസുകളുടെ വിശദാംശങ്ങൾ അശോകൻ സുപ്രീംകോടതിക്ക് കൈമാറി. ഹാദിയയെ വിവാഹം കഴിച്ചെന്ന് അവകാശപ്പെടുന്ന ഷെഫിൻ ജഹാൻ തീവ്ര ചിന്താഗതിയുള്ള വ്യക്തിയാണെന്നും ഹർജിയിൽ ആരോപിക്കുന്നുണ്ട്.